DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18-08-2018

## കാർഷികമേഖലാവാർത്തകൾ

## കർഷകദിന പരിപാടികൾ മാറ്റിവച്ചു

സംസ്ഥാനത്തെ അതീവ ജാഗ്രതാ നിർദ്ദേശവും ദുരിതവും കണക്കിലെടുത്ത് ചിങ്ങം 1 ന് നടത്താനിരുന്ന എല്ലാകർഷകദിന പരിപാടികളും മാറ്റിവയ്ക്കുവാനും ഉദ്യോഗസ്ഥർ പൂർണ്ണമായും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും കൃഷി വകുപ്പ് മന്ത്രി നിർദ്ദേശം നൽകി.

## ഓണക്കാല പാൽ പരിശോധന ജില്ലാ ഇൻഫർമേഷൻ സെന്റർ ഉദ്ഘാടനം

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാലത്ത് പാൽ ഉപഭോക്താക്കൾക്കായി ജില്ലാതല പാൽ പരിശോധന ഇൻഫർമേഷൻ സെന്റർ, ഓഗസ്റ്റ് 19 മുതൽ 23 വരെ കോട്ടയം നാഗമ്പടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്ന ഐ.ആർ.ഡി.പി. വിപണനമേളയോടൊപ്പവും തുടർന്ന് ഓഗസ്റ്റ് 24 –ന് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ വച്ചും പ്രവർത്തിക്കുന്നതാണ്. ഈ സ്റ്റാളിന്റെ ഉദ്ഘാടനം ആഗസ്റ്റ് 19 ഞായറാഴ്ച രാവിലെ 11 മണിക്ക് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് പാലിനെക്കുറിച്ചും പാൽ

ഉത്പന്നങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനും തങ്ങൾ ഉപയോഗിക്കുന്നന്ന പാലിന്റെ സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് ഗുണനിലവാരം അറിയുന്നതിനും ഈ സ്റ്റാളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓണക്കാലയളവിൽ അന്യസംസ്ഥാങ്ങളിൽ നിന്നും വിപണിയിൽ എത്തിച്ചേരുന്നതുൾപ്പെടെ നമ്മുടെ വിപണിയിൽ ലഭ്യമാകുന്ന പായ്ക്കറ്റ് പാലുകൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇൻഫർമേഷൻ സെന്ററിൽ നിന്നും അറിയാവുന്നതാണ്. പൊതുജനങ്ങൾ ഈ സ്റ്റാളിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ക്ഷീരവികസനവകുപ്പ് കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിരവങ്ങൾക്ക് 9446448824,8547275627 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## റബ്ബർ വിളവെടുപ്പിൽ പരിശീലനം

റബ്ബറിന്റെ ശാസ്ത്രീയ വിളവെടുപ്പിനെക്കുറിച്ചുള്ള പരിശീലനപരിപാടി 2018 ആഗസ്റ്റ് 20, 21 തീയതികളിൽ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, ഉത്തേജകൗഷധപ്രയോഗം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് രണ്ടുദിവസത്തെ പരിശീലനപരിപാടി. പരിശീലനഫീസ് 1000 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം

നൽകണം. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഫീസ് അടച്ചതിന്റെ രേഖയും അപേക്ഷകന്റെ ഫോൺ നമ്പറും സഹിതം ഇമെയിലായോ (training@rubberboard.org.in) റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0481 2353127, 2351313, 2353168, 9447860941 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.